# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 2920** 19.06.2014- ൽ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

**ചോദ്യം**

ശ്രീ. ഇ.കെ. വിജയൻ

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധന ഫലപ്രദമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പരിശോധനയ്ക്കായി ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) യും (ബി) യും

ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർക്കുലർ നമ്പർ 10434/സി3/2014/പൊ.മ.വ പ്രകാരം എല്ലാ പ്രവൃത്തികൾക്കും ക്വാളിറ്റി പരിശോധനയും ക്വാളിറ്റി റിപ്പോർട്ടുകളും നിർബന്ധമാക്കി നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്കുപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം, പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരം ഉറപ്പു വരുത്താറുണ്ട്. ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരത്തെക്കുറിച്ച് General Specification/ IRC Standards/Bureau of Indian Standards എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പു വരുത്തുന്നതിന് ദേശീയപാതയിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ മുതലുള്ള എഞ്ചിനീയർമാർ ശ്രദ്ധിക്കാറുണ്ട്. ഇവയുടെ പരിശോധനയ്ക്കായി സൈറ്റുകളിൽ കരാറുകാരന്റെ ചെലവിൽ ലാബുകൾ സെറ്റ് ചെയ്യാൻ വ്യവസ്ഥയുണ്ട്. കൂടാതെ, KHRI/QC Lab തുടങ്ങിയവയും നിലവിലുണ്ട്. കെ.എസ്.റ്റി.പി ഏറ്റെടുത്ത് നടത്തി വരുന്ന പ്രവൃത്തികൾ എല്ലാം കർശനമായ ഗുണനിലവാര പരിശോധന നടത്തിയാണ് ചെയ്യുന്നത്. കരാറുകാരനെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെ നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മാണത്തിനുപയോഗിക്കുന്ന ബിറ്റുമിൻ, മെറ്റൽ, സിമന്റ്, സ്റ്റീൽ, മണ്ണ് മുതലായ എല്ലാ സാധനങ്ങളുടെയും ഗുണനിലവാരം മുൻകൂട്ടി പരിശോധിച്ചതിനു ശേഷമേ ഉപയോഗിക്കുകയുള്ളൂ.

(സി) ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കരാർ ഉടമ്പടി വെച്ചിട്ടുള്ളതും നിലവിൽ പ്രവൃത്തികൾ നടക്കുന്നതുമായ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും പട്ടിക, ബിൽഡിംഗ്സ്/ റോഡ്സ് വിഭാഗം ഓഫീസുകളിൽ നിന്നും ലഭ്യമാക്കി പ്രവൃത്തി നടക്കുന്ന സൈറ്റുകളിൽ പരിശോധന നടത്തി സാമ്പിളുകൾ എടുത്ത് ലബോറട്ടറികളിൽ ടെസ്റ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ്, വിജിലൻസ് വിഭാഗം പ്രവൃത്തികളുടെ ഗുണനിലവാരം സർപ്രൈസ് ചെക്കിലൂടെയും മറ്റും നിരീക്ഷിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് ഒരു പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ വരുന്ന പരാതികൾക്ക് പുറമെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതി സ്വീകരിക്കാറുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളെല്ലാം പരിശോധിച്ച് അതിന്മേൽ നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ